ctabudarr@gmail.com



അബൂദർറ് എടയൂർ

# നന്മയുടെ കാവലാളാവുക

**عَنْ أَنَسِ بْنِ مَالِكٍ (ر) قالَ: قَالَ رَسُولُ اللهِ ﷺ إنَّ مِنَ النَّاس نَاساً مَفاتِيحَ لِلْخَيْرِ مَغَالِيقَ لِلشَّرِّ وَمِنَ النَّاسِ مَفاتِيحَ لِلشَّرِّ مَغالِيقَ لِلْخَيْرِ فَطُوبَى لِمَنْ جَعَلَ اللَّهُ مِفْتَاحَ الخَيْرِ عَلَى يَدَيْهِ وَوَيْلٌ لِمَنْ جَعَلَ مِفْتَاحَ الشَّرِّ عَلَى يَدَيْهِ**

അനസുബ്നു മാലികി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: ജനങ്ങളിൽ ചില ആളുകളുണ്ട്. നന്മയുടെ താക്കോലുകളും തിൻമയുടെ പൂട്ടുകളുമായവർ; മറ്റുചിലരുണ്ട്, തിൻമയുടെ താക്കോലുകളും നന്മയുടെ പൂട്ടുകളുമായവർ. എന്നാൽ, നന്മയുടെ താക്കോൽ അല്ലാഹു ആരുടെ കരങ്ങളിൽ ഏൽപിച്ചുവോ അവർക്ക് ഭാവുകങ്ങൾ! തിന്മയുടെ താക്കോൽ ആരുടെ കൈയിൽ ഏൽപിച്ചുവോ അവർക്ക് നാശം* (ഇബ്നുമാജ).

ആദർശ ഭദ്രതയുടെ പ്രതിഫലനങ്ങളാണ് സൽകർമങ്ങളും നന്മകളോടുള്ള ആഭിമുഖ്യവും. സത്യവിശ്വാസി അല്ലാഹുവെ ഭയപ്പെടുകയും അനുസരിക്കുകയും സ്വേഛകളെ ധിക്കരിക്കുകയും അനശ്വരമായ പരലോകത്തിന് മുൻഗണന നൽകുകയും ചെയ്യുന്നു. ഇത് അല്ലാഹുവുമായുള്ള ബന്ധം. എന്നാൽ സഹജീവികളുടെ കാര്യത്തിലോ? അവൻ നന്മയുടെ താക്കോലും അതിലേക്കുള്ള വഴികാട്ടിയും സന്മാർഗത്തിന്റെ അംബാസഡറുമാകുന്നു. തിൻമയുടെ വാതായനങ്ങൾ ഭദ്രമായി അടക്കുന്നവനും അവക്കെതിരെ ശക്തമായ പ്രതിരോധം തീർക്കുന്നവനും ദൈവിക കോപം ക്ഷണിച്ചുവരുത്തുന്ന കാര്യങ്ങൾക്ക് തടയിടുന്നവനുമാകുന്നു.

അല്ലാഹു ഒരാളെ കുറിച്ച് തൃപ്തനായാൽ അയാൾ നന്മയുടെ പ്രതീകമായി മാറും. അപ്പോൾ അയാളുടെ ആഗമനവും സാന്നിധ്യവും സംസാരവുമെല്ലാം ആളുകൾക്ക് ഹരമായിരിക്കും; അയാൾ ഉയർത്തിപ്പിടിക്കുന്ന ആശയത്തോട് യോജിപ്പില്ലെങ്കിൽ പോലും. ഇസ്ലാമിനെ വെറുത്തവരും അബൂബക്റിന്റെ (റ) സാന്നിധ്യം കൊതിച്ചിരുന്നല്ലോ.

നന്മയിലേക്ക് വഴികാണിക്കുന്നത് ആ നന്മ പ്രവർത്തിക്കുന്നതിന് തുല്യമാണെന്ന് ഹദീസുകളിൽ കാണാം (മുസ്ലിം). എന്നാൽ നന്മക്ക് തടസ്സം നിൽക്കുകയാണെങ്കിലോ? അങ്ങനെയുമില്ലേ ചിലർ? നാമെന്തിന് അവരെ സഹായിക്കണമെന്ന് ചോദിച്ച് ജനോപകാരപ്രദമായ നടപടികൾക്ക് വിഘ്നം സൃഷ്ടിക്കുന്നവർ! ആഹാരം ചോദിച്ചു വരുന്നവർക്ക് ഒരു ദിവസം കൊടുത്താൽ അത് അക്കൂട്ടർ ശീലമാക്കുമെന്ന് ന്യായം പറഞ്ഞ്, എത്ര ഭക്ഷണം മാലിന്യക്കൂമ്പാരത്തിൽ തള്ളിയാലും ഒരാൾക്കും തിന്നാൻ നൽകില്ലെന്ന് തീരുമാനിക്കുന്നവർ! തന്റെ വീട്ടിലേക്കുള്ള വഴിയിലൂടെ മറ്റുള്ളവർക്ക് സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുന്നവർ! അയൽവാസിക്ക് വൈദ്യുതി ലഭിക്കാൻ സമ്മതപത്രം നൽകാൻ വിസമ്മതിക്കുന്നവർ! ഒരു പാത്രം പോലും വായ്പ കൊടുക്കാൻ തയാറാകാത്തവർ! നിസ്വാർഥമായി ആർക്കും യാതൊരു സഹായവും ചെയ്യാൻ സന്നദ്ധരാകാത്തവർ!

ഉപരിസൂചിത നബിവചനം, നന്മ നട്ടുവളർത്താനും അത് പടർന്ന് പന്തലിക്കാനും പ്രേരിപ്പിക്കുന്നു. വെള്ളവും വളവും പരിചരണവും നൽകുന്നവരെ ആശീർവദിക്കുകയും അനുമോദിക്കുകയും അതേസമയം ഇരുട്ടിന്റെ ശക്തികൾക്ക് താക്കീത് നൽകുകയും ചെയ്യുന്നു. അതുപോലെ, നന്മയുടെയും തിന്മയുടെയും വക്താക്കൾക്ക് പ്രചാരം സിദ്ധിക്കാനും ഇരുകൂട്ടരും വേർതിരിച്ച് അറിയപ്പെടാനും അല്ലാഹു സംവിധാനം ചെയ്തിരിക്കുന്നു. അനസി(റ)ൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: "അല്ലാഹുവിന് ഭൂമിയിൽ ചില മലക്കുകളുണ്ട്. വ്യക്തിയിലുള്ള നന്മയെയും തിന്മയെയും കുറിച്ച് ജനങ്ങളുടെ നാവിലൂടെ അവർ സംസാരിക്കും" (ഹാകിം).

പരോപകാരിയാവാൻ ഇസ്ലാം പ്രേരിപ്പിക്കുന്നു. നബി(സ) പറഞ്ഞു: "നിങ്ങളിലാർക്കെങ്കിലും തന്റെ സഹോദരന് ഉപകാരം ചെയ്യാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യട്ടെ" (മുസ്ലിം). മറ്റൊരിക്കൽ: "എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ് സത്യം, തനിക്കുണ്ടാവണമെന്ന് ആഗ്രഹിക്കുന്ന നന്മ/നേട്ടം തന്റെ സഹോദരന്നും ഉണ്ടാവണമെന്ന് ആഗ്രഹിക്കുവോളം ഒരു ദാസൻ സത്യവിശ്വാസിയാവുകയില്ല" (അഹ്മദ്).

സ്വന്തക്കാരോ ബന്ധുക്കളോ സുഹൃത്തുക്കളോ തെറ്റു ചെയ്യുമ്പോൾ അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നവരില്ലേ നമുക്കിടയിൽ? അതുപോലെ, നേതാക്കന്മാർ ചെയ്യുന്ന ഏത് തിന്മക്കും കൂട്ടുനിൽക്കുകയും അവർക്ക് പൂർവാധികം ശക്തിപകരുകയും ചെയ്യുന്ന അനുയായികളുമുണ്ട് നിരവധി. ഇഹലോകത്ത് എന്തെങ്കിലും നൈമിഷിക ലാഭങ്ങൾ ഉണ്ടായാലും അതിന്റെ അനന്തരഫലം വളരെ ഗുരുതരമായിരിക്കുമെന്ന് പ്രവാചകൻ ഓർമപ്പെടുത്തുന്നു. കഅ്ബുബ്നു ഉജ്റയിൽ നിന്ന് നിവേദനം. നബി(സ) എന്നോട് പറഞ്ഞു: "അല്ലയോ കഅ്ബുബ്നു ഉജ്റ, എനിക്ക് ശേഷം വരാനിരിക്കുന്ന ചില നേതാക്കളിൽ നിന്ന് ഞാൻ താങ്കൾക്ക് വേണ്ടി അല്ലാഹുവിൽ അഭയം തേടുന്നു (അല്ലാഹു താങ്കളെ കാത്തു രക്ഷിക്കട്ടെ). ആര് അവരുടെ വാതിൽക്കൽ ചെല്ലുകയും അവരുടെ കള്ളങ്ങളെ സത്യമായംഗീകരിക്കുകയും അക്രമങ്ങളെയും അനീതികളെയും പിന്തുണക്കുകയും ചെയ്യുന്നുവോ ഞാനും അവനും തമ്മിൽ യാതൊരു ബന്ധവുമില്ല. അവന് ഹൗളുൽ കൗഥറിന്റെ അടുത്തേക്കെത്താനാവുകയുമില്ല. അതേസമയം, ആര് അവരുടെ വാതിൽക്കൽ ചെന്നോ ചെല്ലാതെയോ അവരുടെ കള്ളങ്ങളെ അംഗീകരിക്കാതിരിക്കുകയും അവരുടെ അക്രമങ്ങളെ പിന്തുണക്കാതിരിക്കുകയും ചെയ്യുന്നുവോ അവരുമായി എനിക്ക് അടുത്ത ബന്ധമുണ്ട്. അവർ ഹൗളിന് സമീപത്തേക്കെത്തും" (തിർമിദി, അഹ്മദ്).

ജനങ്ങളോടുള്ള ഉത്തരവാദിത്തം നിർവഹിക്കാതിരിക്കുകയും തങ്ങൾക്ക് കിട്ടിയ പിന്തുണ ഏത് അധർമത്തിനുമുള്ള ലൈസൻസായി കാണുകയും ചെയ്യുന്ന നേതാക്കന്മാർക്ക് അനുകൂലമായി സിന്ദാബാദ് വിളിക്കാനും അവരെ ന്യായീകരിക്കാനും ശ്രമിക്കുന്നതിന് മുമ്പ് അൽപം ആലോചിക്കുക. ■

* ഈ ഹദീസ് 'ഹസൻ' ആണെന്ന് ശൈഖ് നാസിറുദ്ദീൻ അൽബാനി അഭിപ്രായപ്പെടുന്നു.